Page 1 of 2

(ഡി) പോലീസ് ആസ്ഥാനത്തെ 'റ്റി' സെക്ഷനിൽ നിന്നും ശ്രീ. ടോമിൻ ജെ. തച്ചങ്കരിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ സംബന്ധിച്ച ഫയലുകളുടെ പകർപ്പുകൾ ടിയാൻ എടുത്തിരുന്നുവെന്ന വിവരം അറിയാൻ കഴിഞ്ഞിരുന്നുവെന്നുള്ളതാണ് അന്നത്തെ പോലീസ് മേധാവിയായിരുന്ന ശ്രീ. ടി. പി. സെൻകുമാർ ശ്രീ. തച്ചങ്കരിക്കെതിരെ സർക്കാരിന് നൽകിയ പരാതിയിൽ ബോധിപ്പിച്ചത്.

(ഇ) പോലീസ് മേധാവിയുടെ നിർദ്ദേശാനുസരണം പോലീസ് ആസ്ഥാനത്തെ എ.ഐ.ജി.-യും മാനേജറും പോലീസ് ആസ്ഥാനത്തെ 'റ്റി' സെക്ഷനിലെ ഫയലുകൾ സംബന്ധിച്ച് സീറ്റടിസ്ഥാനത്തിൽ വിശദമായ ഓഡിറ്റ് നടത്തി പ്രസ്തുത സെക്ഷനിൽ നിന്നും ഫയലുകളൊന്നും നഷ്ടപ്പെട്ടിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി.

**സ്വകാര്യ മെഡിക്കൽ കോളേജ് കോഴ കേസ്സിന്റെ നിലവിലെ സ്ഥിതി**

153 (1808) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മെഡിക്കൽ കോളേജ് കോഴ കേസ്സിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ; ഇത് ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ കേസ്സിലെ സതീഷ് നായർ എന്ന ഡൽഹി സ്വദേശിയുടെ പങ്ക് എന്താണ്; ടിയാന്റെ മേൽവിലാസം വെളിപ്പെടുത്തുമോ;

(സി) കേസ്സിലെ പ്രതികൾ ആരൊക്കെ ; പേര്, അഡ്രസ്സ് എന്നിവ സഹിതം വിശദമാക്കുമോ; കേസ്സിലെ വാദി ആരാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ, കേസ് സംബന്ധിച്ച് വിശദമായ അന്വേഷണം ആരംഭിച്ചിട്ടുള്ളതായി അറിവുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറേറ്റിൽ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു. പ്രസ്തുത അന്വേഷണം പൂർത്തിയായാൽ മാത്രമേ വിശദവിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഡി) വിവരം ലഭ്യമല്ല.

**വിജിലൻസ് മാന്വൽ പരിഷ്കരണം**

154 (1809) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിജിലൻസ് മാന്വൽ ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് എന്നാണ് എന്നറിയിക്കാമോ; എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് നിഷ്കർഷിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സർക്കുലറിന്റെ നിയമസാധുത വിശദമായി പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) വിജിലൻസിന്റെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം വിജിലൻസ് ഡയറക്ടർക്ക് നൽകുന്നത് ഏത് ചട്ട പ്രകാരമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 22-2-2001 തീയതിയിൽ പ്രസിദ്ധീകരിച്ച വിജിലൻസ് മാന്വൽ പരിഷ്കരിച്ചിട്ടില്ല.

(ബി) വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണെന്ന് വിജിലൻസ് ഡയറക്ടറുടെ 25-5-2017 തീയതിയിലെ 02/17 നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) വിജിലൻസ് മാന്വലിലെ ഖണ്ഡിക 56 പ്രകാരവും 12-5-1992 തീയതിയിലെ ജി.ഒ.(പി) 65/92/വിജി., 29-3-2017 തീയതിയിലെ ജി.ഒ.(പി) 09/2017/വിജി. എന്നീ നമ്പർ സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് പ്രസ്തുത സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നൽകിയതുപോലെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താനുള്ള അധികാരം വിജിലൻസ് ഡയറക്ടർക്കുണ്ട്. കൂടാതെ നിലവിലുള്ള വിവിധ ചട്ടങ്ങൾ, വിജിലൻസ് മാന്വൽ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ ഉള്ളിൽ നിന്നുകൊണ്ട് ആവശ്യമുള്ള നടപടികളെടുക്കാനുള്ള അധികാരവും വിജിലൻസ് ഡയറക്ടറുടെ പദവിയിൽ നിക്ഷിപ്തമാണ്.

**വിജിലൻസ് റിപ്പോർട്ടുകൾ അട്ടിമറിച്ചതിന് നടപടി നേരിട്ട എസ്.പി.-യുടെ നിയമനം**

155 (1810) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിജിലൻസ് റിപ്പോർട്ടുകൾ അട്ടിമറിച്ചതിന് നടപടി നേരിട്ട പോലീസ് സൂപ്രണ്ട് ശ്രീ. ബി. അശോകനെ വിജിലൻസിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ-I-ൽ ഒന്നിൽ നിയമിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly